## 2.
## ഉച്ചാരണം അനുസരിച്ചുള്ള അക്ഷരങ്ങളുടെ ഗ്രൂപ്പ്

ഓരോ അക്ഷരത്തിൻെറയും ഉച്ചാരണസ്ഥാനം അനുസരിച്ച് മൊത്തം അറബി അക്ഷരങ്ങളെ ഒമ്പത് വിഭാഗമായി തിരിക്കാവുന്നതാണ്. അവ താഴെ ചേർക്കുന്നു.

### 1. ഹൽഖിയായ അക്ഷരം.

ഹൽഖിയായ അക്ഷരങ്ങളിൽ ـه ، أ എന്നിവയെ തൊണ്ടയുടെ അങ്ങേ അറ്റത്തുനിന്നാണ് ഉച്ചരിക്കേണ്ടത്. ح ،ع എന്നിവയെ തൊണ്ടയുടെ നടുവിൽനിന്നും ഉച്ചരിക്കണം. خ ،غ എന്നീ അക്ഷരങ്ങൾ തൊണ്ടയുടെ മുകളിൽനിന്ന്, അതായത്, വായ തൊണ്ടയുമായി ചേരുന്ന സ്ഥലത്തു നിന്ന് ഉച്ചരിക്കണം.

### 2. ലഹ്വിയായ അക്ഷരം.

ഈ വിഭാഗത്തിൽ പെട്ട അക്ഷരങ്ങളിൽ ك ،ق എന്നിവ നാവിൻെറ മേലറ്റവും നേരെ മുകളിലുള്ള തൊണ്ടയും ചേർത്താണ് ഉച്ചരിക്കുന്നത്. എന്നാൽ കാഫ് ഖാഫിനെക്കാൾ അല്പം താഴെ വെച്ച് വേണം ഉച്ചരിക്കുവാൻ.

### 3. ശജരിയായ അക്ഷരം.

ഇവയിൽ ي ،ش ،ج എന്നിവ നാവിൻെറ മധ്യവും അതിന് നേരെ മുകളിലുള്ള തൊണ്ടയും ചേർത്താണ് ഉച്ചരിക്കേണ്ടത്. ض എന്ന അക്ഷരം നാവ് അണ്ണാക്കിലേക്ക് ചേർത്തുവെച്ച് ഉച്ചരിക്കണം.

### 4. നുത്ഇയായ അക്ഷരം.

ഈ വിഭാഗത്തിൽ പെട്ട അക്ഷരങ്ങൾ ت ،د ،ط എന്നിവയാകുന്നു. അവയുടെ ഉച്ചാരണത്തിൽ നാവിൻെറ അഗ്രവും മേൽവരി പല്ലിൻെറ മുകൾ അറ്റവുമാണ് പങ്കെടുക്കുന്നത്.

### 5. ദുൽഖിയായ അക്ഷരം.

ر ،لا എന്നിവയാണ് പ്രസ്തുത വിഭാഗത്തിൽ പെട്ട അക്ഷരങ്ങൾ. നാവിൻെറ അഗ്രഭാഗവും അതിനു നേരെ മുകളിലുള്ള തൊണ്ടയുടെ അറ്റവും ചേർന്നാണ് ഇവ ഉച്ചരിക്കുന്നത്. നൂൻ ലാമിനെക്കാൾ അല്പം താഴെ ആയാണ് ഉച്ചരിക്കേണ്ടത്. ർ ഏകദേശം നൂനിനോട് അടുത്ത സ്ഥലത്തു വെച്ചും.

### 6. ലുഥ്വിയായ അക്ഷരം.

ظ ،ذ ،ث എന്നിവയാണവ. ഇവ ഓരോന്നും മറ്റൊന്നിൽനിന്ന് വ്യത്യസ്തമാണ്. മൊത്തത്തിൽ ഇവയുടെ ഉച്ചാരണത്തിൽ വായു പ്രധാന ഘടകമാണ്. നാവിൻെറ അഗ്രം മേൽവരി പല്ലിൻെറ അഗ്രത്തിൽ മെല്ലെ തൊടുവിച്ചാണ് ഈ അക്ഷരങ്ങൾ ഉച്ചരിക്കുന്നത്. എന്നാൽ നാവ് പല്ലിൽ സ്പർശിക്കുന്നത് വ്യത്യസ്ത ശക്തിയിലാണ്. ث എന്ന അക്ഷരത്തെക്കാൾ അല്പം ശക്തിയിലാണ് ذ എന്ന അക്ഷരം ഉച്ചരിക്കുമ്പോൾ നാവ് പല്ലിൽ തൊടുവിക്കേണ്ടത്. എന്നാൽ അതിനെക്കാൾ ശക്തിയിലാണ് ظ എന്ന അക്ഷരം ഉച്ചരിക്കുമ്പോൾ ചെയ്യേണ്ടത്.

### 7. മജ്ഹൂരിയായ അക്ഷരം.

ص ،س ،ز എന്നിവയാണവ. നാവിൻെറ ഏകദേശം മധ്യവും തൊട്ട് മുകളിലുള്ള അണ്ണാക്കുമാണ് ഇവയുടെ ഉച്ചാരണത്തിൽ പങ്കെടുക്കുന്ന ഭാഗങ്ങൾ. എന്നാൽ ഉച്ചാരണത്തിൽ ഇവ പരസ്പരം വ്യത്യാസ

പ്പെട്ടിരിക്കുന്നു. ز എന്ന അക്ഷരം വളരെ ഘനം കുറച്ചാണ് ഉച്ചരിക്കേണ്ടത്. ഇംഗ്ലീഷിലെ Z ന്റെ ഉച്ചാരണത്തോട് സാമ്യമാണത്.

## 8. ശഫവിയായ അക്ഷരം.

ب، ف، و എന്നീ അക്ഷരങ്ങളാണത്. ഇവയുടെ ഉച്ചാരണത്തിൽ രണ്ടു ചുണ്ടുകളും വ്യത്യസ്ത രീതിയിലാണ് ഉപയോഗിക്കപ്പെടുന്നത്.

## 9. ഖൈശൂമിയായ അക്ഷരം.

م، ن എന്നീ അറ്ററങ്ങളാണത്. ഇവ രണ്ടിന്റെയും ഉച്ചാരണം പുറപ്പെടുന്നത് രണ്ട് സ്ഥലങ്ങളിൽനിന്നാണെങ്കിലും തരിമൂക്ക് രണ്ടിന്റെയും ഉച്ചാരണത്തിൽ പങ്ക് വഹിക്കുന്നുണ്ട്.

പാഠം തുടങ്ങുന്നതിനു മുമ്പ് ഒരു കാര്യം ശ്രദ്ധിക്കുക. മലയാളത്തിൽ അകാരം ഇകാരം ഉകാരം എന്നൊക്കെ പറയുന്നതുപോലെ അറബിയിലുമുണ്ട് ഈ രീതി. അവ ഈ പാഠഭാഗങ്ങളിൽ ആവർത്തിച്ചു വരുന്നതിനാൽ ശ്രദ്ധയിൽ വെക്കുന്നത് നന്നായിരിക്കും.

| |
|---|
| ـَـ ഫത്ഹ്, ـِـ കസ്റ്, ـُـ ളമ്മ്, ـْـ സുകൂൻ എന്നിവയാണവ.<br>സുകൂൻ, തൻവീൻ എന്നിങ്ങനെ ആവർത്തിച്ചു വരുന്നതിനാൽ അവയെ പ്രത്യേകം ഓർത്തിരിക്കണം. ـْـ എന്നത് സുകൂനും ـٌـ ، ـٍـ ، ـًـ എന്നിവ് തൻവീനുമാകുന്നു. |